## പതിനാലാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 4954 — 27.10.2016 - ൽ മറുപടിയ്ക്ക്

### ഭവനനിർമ്മാണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.വി. വിജയദാസ്** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹൗസിംഗ് ബോർഡ് മുഖേന പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭവനനിർമ്മാണ പദ്ധതികൾ ഏതൊക്കെയാണ് ; വിശദമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br><br>(i) 2016-17- ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 16 സ്ഥലങ്ങളിൽ പുതിയ റവന്യൂ ടവറുകളും ഒരു സ്ഥലത്ത് വിദ്യഭ്യാസ കോംപ്ലക്സും സ്ഥാപിയ്ക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇവ സ്ഥാപിയ്ക്കുന്നതിനായി 250 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വകയിരുത്തുന്നു എന്നും പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ 8 റവന്യൂ ടവറുകളുടെ നിർമ്മാണം കൂടി ഏറ്റെടുക്കുന്നു എന്ന് 2016-ലെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഇതിനായി 80 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വകയിരുത്തുന്നു എന്നും പറഞ്ഞിട്ടുണ്ട്.<br><br>(ii) All Infia Service Officers-നായി Housing apartments സംസ്ഥാനത്ത് നിർമ്മിയ്ക്കുമെന്ന് 2016-17-ലെ പുതുക്കിയ ബഡ്ജറ്റിലൂടെ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി 15 കോടി രൂപ വകയിരുത്തുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. |

(iii) തിരുവനന്തപുരത്ത് പൗണ്ട്കടവിൽ ഒരു വർക്കിംഗ് വിമന്റ്സ് ഹോസ്റ്റൽ നിർമ്മിയ്ക്കുമെന്ന് 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിനായി 50 കോടി രൂപ വകയിരുത്തുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് പുതിയ പദ്ധതികൾ ആരംഭിക്കുന്നത്; എന്നു മുതൽ ജനങ്ങൾക്ക് പ്രയോജനപ്രദമാകും ; വിശദവിവരം നല്കുമോ ? | (ബി) താഴെപ്പറയുന്ന സ്ഥലങ്ങളിൽ റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷൻ/ആർ.ഡി.ഒ. കോംപ്ലക്സ്/വിദ്യാഭ്യാസ കോംപ്ലക്സ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട് |

1. കടകംപള്ളി
2. നെടുമങ്ങാട്
3. കൊല്ലം
4. പന്തളം
5. കൊട്ടാരക്കര

<u>(രണ്ടാം ഘട്ടം)</u>

6. തിരുവല്ല
7. ചങ്ങനാശ്ശേരി
8. തൊടുപുഴ
9. പീരുമേട്
10. എറണാകുളം
11. കോതമംഗലം
12. സുൽത്താൻ ബത്തേരി
13. ചാലക്കുടി
14. മട്ടന്നൂർ
15. ആലപ്പുഴ

<u>ആർ.ഡി.ഒ. കോംപ്ലക്സ്</u>

16. മുളന്തുരുത്തി
17. പുനലൂർ വിദ്യഭ്യാസ കോപ്ലക്സ്
18. അടിമാലി
19. പട്ടാമ്പി താലൂക്ക്
20. നിലമ്പൂർ
21. വടകര
22. ചടയമംഗലം സിവിൽ സ്റ്റേഷൻ

23. മതിലകം മിനി സിവിൽ സ്റ്റേഷൻ
24. പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ
25. വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ

മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരോട് അഭ്യർത്ഥിച്ചിരിക്കുകയാണ്. ഭൂമി ലഭ്യമായാൽ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയും അതനുസരിച്ച് പ്രൊപ്പോസലുകൾ തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ii) All Infia Service Officers-നായി Housing apartments നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ തിരുവനന്തപുരത്ത് ജഗതിയിലുള്ള 35.78 സെന്റ് ഭൂമിയിൽ 24 അപ്പാർട്ടുമെന്റുകൾ ഉൾക്കൊള്ളുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(iii) വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിയ്ക്കുവാനുദ്ദേശിയ്ക്കുന്നത് തിരുവനന്തപുരം ജില്ലയിലെ പൗണ്ട്കടവിൽ ആണ്. ടി പദ്ധതിയുടെ concept drawing-ഉം concept note ഉം തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കാവശ്യമായ 219 സെന്റ് സ്ഥലം ഭവന നിർമ്മാണ ബോർഡിന് കൈമാറുവാൻ തിരുവനന്തപുരം ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പദ്ധതിയുടെ detailed project report തയ്യാറാക്കി വരുന്നു.

Subha

സെക്ഷൻ ഓഫീസർ